**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 482** **08-06-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ആശുപത്രികൾക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri. V. N. Vasavan**<br>**(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിൽ സംസ്ഥാനത്തെ സഹകരണ ആശുപത്രികൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന സാഹചര്യത്തിൽ അത്തരം ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സഹകരണ ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിനായി മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ധനസഹായ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ സഹകരണ ആശുപത്രികൾ/ ഡിസ്പെൻസറികൾ എന്നിവയും സഹകരണ ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ/ ഡിസ്പെൻസറികൾ എന്നിവയും മെഡിക്കൽ ലാബ് ആരംഭിയ്ക്കുന്നതിനും, അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും വാർഷിക പദ്ധതികളിലുൾപ്പെടുത്തി നിലവിൽ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. എന്നാൽ കോവിഡ് സാഹചര്യവുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിയ്ക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലില്ല. |
| (ബി) | ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കോവിഡ് മഹാമാരിക്കെതിരായുള്ള പോരാട്ടത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന സഹകരണ ആശുപത്രികൾക്ക് നിലവിലുള്ള പദ്ധതികൾക്ക് പുറമേ സാമ്പത്തിക സഹായം ആവശ്യമാണെങ്കിൽ സംഘങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാർഷികപദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ